**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പി.എസ്.സി നിയമനം - 27.11.2022 തീയതിയിലെ സ.ഉ (കൈ) നം.26/2022/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഉപദേശ-സി) വകുപ്പ്**

ജി ഒ (എം എസ്) നം.14/2023/പി & എ ആർ ഡി തീയതി, തിരുവനന്തപുരം, 03-08-2023

==========================================================================

പരാമർശം:- 1) 27.11.2022 തീയതിയിലെ സ.ഉ (കൈ) നം.26/2022/ ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.

2) കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 17.03.2023 തീയതിയിലെ UFR 2-3/50006/2018-KPSC-Part 3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തിരഞ്ഞെടുപ്പ് നടത്തുന്നതും നിശ്ചിത ശാരീരിക അളവ് ഒരു യോഗ്യതയായി നിഷ്കർഷിക്കുന്നതുമായ തസ്തികകളിലെ നിയമനത്തിനുവേണ്ടിയുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ശാരീരിക അളവ് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് നൽകുന്നതിനായി സർക്കാർ/എയ്ഡഡ് കോളേജുകളിലെ സ്ഥിരം കായിക അധ്യാപകരെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ടി ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരുന്ന ശാരീരിക അളവ് രേഖപ്പെടുത്തുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ മാതൃകയിൽ ഉദ്യോഗാർഥിയെ തിരിച്ചറിയുന്നതിനുള്ള ഫോട്ടോയും, ഐഡന്റിഫിക്കേഷൻ മാർക്കും, ഉദ്യോഗാർഥിയുടെ ഒപ്പും ഇല്ലാത്തതിനാൽ, ഇവ കൂടി ഉൾപ്പെടുത്തി കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സർട്ടിഫിക്കറ്റ് പരിഷ്കരിച്ചിരുന്നു. ഇപ്രകാരം സർട്ടിഫിക്കറ്റ് പരിഷ്കരിച്ച നടപടിക്ക് സാധൂകരണം നൽകുവാൻ പരാമർശം (2) കത്ത് പ്രകാരം പി.എസ്.സി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. പരാമർശം (1) ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരുന്ന ശാരീരിക അളവ് രേഖപ്പെടുത്തുന്നതിനുള്ള സർട്ടിഫിക്കറ്റിൽ ഉദ്യോഗാർഥിയെ

തിരിച്ചറിയുന്നതിനുള്ള ഫോട്ടോയും, ഐഡന്റിഫിക്കേഷൻ മാർക്കും ഉദ്യോഗാർഥിയുടെ ഒപ്പും കൂടി ഉൾപ്പെടുത്തി പി.എസ്.സി സർട്ടിഫിക്കറ്റ് പരിഷ്കരിച്ചത് ഉദ്യോഗാർഥിയെ തിരിച്ചറിയുന്നതിനു വളരെ അത്യാവശ്യമാണ്. അതിനാൽ സർട്ടിഫിക്കറ്റ് പരിഷ്കരിച്ച പി.എസ്.സി യുടെ നടപടി സാധൂകരണം നൽകി കൊണ്ടും, പരാമർശം (1) ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരുന്ന സർട്ടിഫിക്കറ്റ്, ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകയിൽ ഭേദഗതി വരുത്തി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.മനോജ് കുമാർ**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
ഉന്നത വിദ്യാഭ്യാസ വകുപ്പ് ( HEDN-F3/193/2020-HEDN ഫയലിലെ 25.01.2021 ലെ കുറിപ്പ് പ്രകാരം )
(വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ മേധാവികളെ അറിയിക്കുന്നതിനായി )
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാരവകുപ്പ്(വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

**APPENDIX**

## PHYSICAL MEASUREMENT CERTIFICATE

(Vide G. O. (Ms.) No. 14/2023/P&ARD dated 03-08-2023)

Passport
Size Photo

Signature and Seal of the Examiner

I have this day, physically measured/examined Sri/Smt............................................................................Aged.............................years, residing at.................................................................................................................................
..........................................................................................................................................
..........................................................................................................................................
.........................................................................................................and recorded the following physical measurement standards, as shown below. I certify the same as the correct and fair measurement to the best of my experience, knowledge and belief, and also certify that it was measured according to latest metric standards, using legally calibrated measuring units.

1) Name of the Candidate:
2) Age :
3) Height (in Cms) *barefoot*:
4) Chest Measurement *bare chest*
   *a) On full expiration (normal) in Cms:*
   *b) On full inspiration (on expansion) in Cms:*
   *c) Difference (Expansion) in Cms:*
5) Weight (in Kgm):
6) Permanent identification marks:
   i.
   ii.
7) Date & Time of Physical Measurement taken:
8) Signature of the candidate :

Signature :

Name :

Designation :

& PEN of Issuing Authority :

(Office Seal)